**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 932** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഇരുപത് വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ 2011- 16 കാലയളവിൽ വിവിധ തസ്തികകളിൽ 20 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ തസ്തികകൾ ഇപ്പോഴും സൂപ്പർ ന്യൂമററി തസ്തികകളായി തുടരുകയാണോ ; എങ്കിൽ ഇവ സൂപ്പർ ന്യൂമററി തസ്തികകളായി തുടരുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | അതെ. സൂപ്പർന്യൂമററി വാച്ചറായി സ്ഥിരപ്പെടുത്തുന്ന തസ്തികകൾ അവർ സർവ്വീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുമെന്നുള്ള വ്യവസ്ഥയിലാണ് സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | പി.എസ്.സി മുഖാന്തരം നിയമനം ലഭിച്ച ഫോറസ്റ്റ് വാച്ചർ /ട്രൈബൽ വാച്ചർമാരെ പോലെ യൂണിഫോം ധരിക്കുവാൻ ഇവർക്ക് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ 20 വർഷത്തിൽ കൂടുതലായി വാച്ചർ, ഡ്രൈവർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ജോലികൾ നോക്കിയിരുന്ന ജീവനക്കാരെ, അവർ ജോലി നോക്കി വന്നിരുന്ന തസ്തിക ഏതുതന്നെയാണെങ്കിലും, വാച്ചർക്ക് തുല്യമായ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർ അവരുടെ ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ യൂണിഫോം ധരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ